Phone ☎: 0471 2557227 (office)
e-mail: registrar.ksmc@kerala.gov.in
www.medicalcouncil.kerala.gov.in
Address: Redcross road, Thiruvananthapuram,
Kerala, India-695035

"ഭരണഭാഷ - മാതൃഭാഷ"

# KERALA STATE MEDICAL COUNCILS
## കേരള സംസ്ഥാന മെഡിക്കൽ കൗൺസിൽസ്

**കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രാറുടെ നടപടിക്രമങ്ങൾ**
**സാന്നിദ്ധ്യം:- ശ്രീ. ആർ സുരേഷ് ബാബു**

**വിഷയം:-** കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ - വിവരാവകാശ നിയമം 2005 - അപേക്ഷാ ഫീസ്- കൗൺസിലിൽ നടപ്പാക്കിയത്- സംബന്ധിച്ച്- ഉത്തരവ്

**സൂചന:-**
1. Kerala Right to Information (Regulation of fee & cost) Rules, 2006.
2. 18-12-2007 തീയതിയിലെ സ.ഉ(അ)നം.540/2007/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.
3. 04-10-2024 തീയതിയിലെ ഉത്തരവ് നം. A1- 14551/2024/കെ.എസ്.എം.സി.
4. 29-03-2025 തീയതിയിലെ ഉത്തരവ് നം. നം.എ1/12951/2024/എം.സി(2)

**ഉത്തരവ് നം. A1- 14551/2024/കെ.എസ്.എം.സി. തീയതി 18-07-2025**

സൂചന (1), (2) പ്രകാരം സർക്കാരിതര വകുപ്പുകളിൽ നിന്നും വിവരാവകാശ നിയമ പ്രകാരമുള്ള വിവരം ലഭിക്കുന്നതിന് അതത് സ്ഥാപനത്തിന്റെ അക്കൗണ്ടുകളിൽ തന്നെ പണം ഒടുക്കേണ്ടതാണ്. ഇതനുസരിച്ച് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷ ഫീസ്, പകർപ്പ് ലഭ്യമാക്കാനുള്ള ചെലവ് തുടങ്ങിയവയെല്ലാം കൗൺസിൽ ഫണ്ടിൽ തന്നെ അപേക്ഷകൻ ഒടുക്കേണ്ടതാണ്. ആയതിനാൽ സൂചന (3) പ്രകാരം 2024 നവംബർ ഒന്നാം തീയതി മുതൽ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്കൊപ്പം അപേക്ഷാ ഫീസ്, പകർപ്പ് ലഭ്യമാക്കുന്നതിനുള്ള തുക എന്നിവ രജിസ്ട്രാറുടെ പേരിലെടുത്ത ഡിഡി/ പോസ്റ്റൽ ഓർഡർ എന്നിവ വഴി മാത്രമേ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ സ്വീകരിച്ചിരുന്നുള്ളു. എന്നാൽ ആയതിന്റെ പ്രയോഗികബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി സൂചന (4) പ്രകാരം 01-04-2025 മുതൽ അപേക്ഷകർക്ക് RTI ഫീസ് SBI Collect സംവിധാനം വഴി ഒടുക്കാനും receipt അപേക്ഷയുടെ കൂടെ ഉള്ളടക്കം ചെയ്യുന്നതിനും സൗകര്യപ്പെടുത്തി ഉത്തരവായിരുന്നു. കൂടാതെ നിലവിലെ ഡിമാൻഡ് ഡ്രാഫ്റ്റ് (DD) & പോസ്റ്റൽ ഓർഡർ മുഖേനയും RTI അപേക്ഷകൾ സ്വീകരിക്കുന്നതാണെന്ന് ഉത്തരവാകുന്നു.

RTI ഫീസ് അടയ്ക്കാനുള്ള ലിങ്ക് കൗൺസിൽ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

KERALA STATE MEDICAL COUNCILS
RED CROSS ROAD
THIRUVANANTHAPURAM
695 035
KERALA, INDIA

രജിസ്ട്രാർ

പകർപ്പ്
1. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്
2. ഓഡിറ്റ് വകുപ്പ്
3. Upload in Medical Council Website